

ലേഖനം

# ഇൻഡ്യൻ കായികരംഗത്തേയ്ക്ക് ഒരെത്തിനോട്ടം

മമ്മദ് കെ. കരുവാരകുണ്ട് (ബി.ബി.എ. രണ്ടാം വർഷം)

ഇന്ത്യൻ കായിക രംഗം ലോക ജനത അംഗീകരിക്കാൻ നൂറ്റാണ്ടുകൾ വേണ്ടി വന്നേക്കാം. ദരിദ്ര രാഷ്ട്രങ്ങൾ പോലും ഒളിംപിക്സിലും, ലോക അത്‌ലറ്റിക്സിലും മെഡലുകൾക്കൊണ്ട് അമ്മാനമാടുമ്പോൾ എത്തിപ്പിടിക്കാൻ പറ്റാത്ത വിധം നമ്മുടെ കായിക രംഗം തളർന്നിരിക്കുകയാണ്. കായിക രംഗം കീഴടക്കാൻ 100 കോടി ജനങ്ങളുടെ പ്രാർത്ഥന മതിയെങ്കിൽ നാമെന്നോ ആ പിഴക്കാത്ത ലോകത്ത് അംഗീകാരത്തിന്റെ അനശ്വര ബിന്ദുക്കളായി മാറിയേനേ. ഒരിക്കലും വളരാത്ത, മുരടിച്ച ഇന്ത്യൻ ഫുട്ബോളും, തിളക്കത്തിൽ നിന്നും ശൂന്യതയിലേക്ക് താഴ്ന്ന് കൊണ്ടിരിക്കുന്ന നമ്മുടെ ഹോക്കി ടീമും, അത്‌ലറ്റിക്സിൽ ബാലപാഠങ്ങൾ രുചിക്കാതെ ലോക അത്‌ലറ്റിക്സിൽ കടന്നു കൂടുകയും ചെയ്ത നാം ജീവിതത്തിനുമപ്പുറത്ത് കായിക പ്രാധാന്യത്തിന്റെ നിലച്ച വക്താക്കളായിമാറിയിരിക്കുകയാണ്. വെറും 12 രാഷ്ട്ര ക്രിക്കറ്റിൽ നാം വമ്പൻമാരായാൽ മാത്രം മതിയോ നമ്മെ ഇന്നിന്റെ കായിക ലോകം അംഗീകരിക്കാൻ.



സെക്കൻഡിന്റെ നിമിഷങ്ങൾ അത്ഭുതങ്ങളാൽ പൊന്നാക്കി മാറ്റുന്ന അമേരിക്കൻ അത്‌ലറ്റിക്സിനു പുറകിൽ സെക്കൻഡ്കൊണ്ട് നഷ്ടമായ ഒളിംപിക് വെങ്കലമെഡലാണോ നാം പൂജിക്കേണ്ടത്.

ലോക അത്‌ലറ്റിക്സിലും, ഫുട്ബോളിലും നാമെന്നും അടിയറവ് പറയുമ്പോൾ ക്രിക്കറ്റ് ലോകം ഇന്ത്യൻ ക്രിക്കറ്റിനെ ആസ്ത്രേലിയക്കു പിറകിൽ അംഗീകരിക്കാൻ തയ്യാറായി. നമുക്കഭിമാനിക്കാൻ ഒരുപാടു താരങ്ങളുടെ നിര തന്നെ കണ്ടേക്കാം. എന്നാൽ അവരുടെ പ്രതിഭാ പട്ടങ്ങൾ ഒരിക്കലും വിലമതിക്കുന്ന അംഗീകാരമായി മാറ്റാൻ ഇന്ത്യൻ കായിക രംഗത്തിനുകഴിഞ്ഞിട്ടില്ല. ഇന്ത്യയുടെ ഒളിംപിക് മെഡൽ പ്രതീക്ഷ ലോംഗ്ജംപ് താരം അഞ്ജുബോബി ജോർജ്ജിലും, അഞ്ജലി ഭഗവദിലും അവസാനിക്കുമ്പോൾ 100 ലധികം മെഡലുകൾ വാരിക്കൂട്ടുന്ന രാഷ്ട്രങ്ങൾക്കിടയിൽ നമ്മുടെ കായിക രംഗം തളർവാതം പിടിപെട്ടതുപോലെ ഇഴുഞ്ഞു നീങ്ങുന്നു. നമുക്കഭിമാനിക്കാൻ മാസ്റ്റർ ബ്ലാസ്റ്റർ സചിൻ ടെണ്ടുൽക്കർ, വിശ്വനാഥൻ ആനന്ദ്, ലിയാണ്ടർ പയസ്, ബൈചിംഗ് ബൂട്ടിയ, ഐ.എം. വിജയൻ, കർണം മല്ലേശ്വരി, ബീനാമോൾ, അഞ്ജു ബോബി ജോർജ്ജ് തുടങ്ങിയ പ്രതിഭാനിരകൾ മാത്രം. മിസ്റ്റർ കൺസിസ്റ്റൻസി രാഹുൽ ദ്രാവിഡും, 1983 ൽ ലോക കപ്പ് ക്രിക്കറ്റ് കിരീടം ഇന്ത്യക്കു സമ്മാനിച്ച നൂറ്റാണ്ടിന്റെ ഇതിഹാസം കപിൽ ദേവും, ജസ്പൽ റാണയും, ലോക ശ്രദ്ധ പിടിച്ചടക്കിയ പി.ടി. ഉഷയും അംഗീകാരം കൊണ്ട് ആവേശാഭിതരാവുമ്പോൾ നമുക്കെന്ത്കൊണ്ടോ മരിയം ജോൺസൺ, മൗറിസ് ഗ്രീൻ, ഫുട്ബോൾ ഇതിഹാസം പെലെ, ഓസീസ് വിക്കറ്റ് കീപ്പർ ആഡം ഗിൽക്രിസ്റ്റ് തുടങ്ങിയ ലോക പ്രശസ്തരിൽ നാം എണ്ണപ്പെടാതിരുന്നത്.

അഭിമാനത്തിന്റെ നഷ്ട മെഡലുകളും, രാജ്യം നൽകുന്ന അർജ്ജുനയും, ഖേൽരത്നയും ഒരു പരിധിവരെ ഇന്ത്യൻ കായിക രംഗത്തിന്റെ മുഹൂർത്തങ്ങൾക്ക് സാക്ഷിയായിട്ടുണ്ട്. മികച്ച പരിശീലകനുള്ള ദ്രോണാചാര്യാ അവാർഡ് സ്വീകരിക്കാൻ ഇന്ത്യയുടെ ഏത് കായിക മാസ്റ്റർക്കാണ് അവസരമുള്ളതെന്നത് ലജ്ജിപ്പിക്കുന്ന ചോദ്യമാണ്. അംഗീകരിക്കാത്ത നമ്മുടെ ഈ കായിക രംഗം വളർച്ചയുടെ ക്ലേശങ്ങളിൽ അമർന്നിരിക്കുന്നത് കൊണ്ടു മാത്രമാണ് നാം ശ്രദ്ധിക്കാതെ നിലച്ചു പോയത്. മികച്ച നിലവാരത്തിലുള്ള ഗ്രൗണ്ടുകളും, സിന്തറ്റിക് ട്രാക്കിന്റെ പരിമിതിയും, മികവുറ്റ പരിശീലന അപാകതയും അത്‌ലറ്റിക്സിലും ഗെയിംസ് ഇനങ്ങളിലും നമ്മെ പിറകോട്ട് നയിക്കുമ്പോൾ വിശ്വമായ ലോകത്ത് ഉന്നതിയുടെ മേൽക്കൊയ്മക്കായി ഓരോ കായിക താരവും രാപകൽ ഭേദനമന്യെ ലോകോത്തര നിലവാരത്തിൽ പരിശീലനം നേടേണ്ടിയിരിക്കുന്നു.

പാക് മണ്ണിലും ഓസീസ് മണ്ണിലും ലോകത്തെ ഞെട്ടിച്ച ഇന്ത്യൻ ക്രിക്കറ്റ് ടീം പാക് ജനങ്ങൾക്കിടയിൽ സൗഹാർദ്ദത്തിന്റെ നാഴികക്കല്ലായി നിലകൊള്ളാനും, വൈരാഗ്യത്തിന്റെ തീജ്വാല അണക്കാനും നമ്മുടെ ക്രിക്കറ്റ് ടീമിനു സാധിച്ചെന്നു പറയുമ്പോൾ നമ്മുടെ ഭാവി ലോക സമാധാനത്തിനും രാഷ്ട്രബന്ധങ്ങളുടെ സൗഹാർദ്ദാന്തരീക്ഷത്തിനും അവസരമായിക്കൊണ്ടിരിക്കുകയാണ്. കായിക ലോകത്ത് നമ്മുടെ ഭാവി വിളിച്ചോതാൻ ഓരോ ഇന്ത്യക്കാരനും ഇന്നിന്റെ ലോകം മനസ്സിലാക്കണം. അംഗീകാരത്തിന്റെ തീഷ്ണതയിൽ നാമറിയാതെ തളർന്നു പോയാൽ നമ്മുടെ ഭാവിലോക ജനതക്ക് കായിക ക്ഷമതയിലുള്ള വിശ്വാസം നഷ്ടപ്പെട്ടെന്നു വരാം. ഇനിയുള്ള കാലം ഈ കായികരംഗം നമ്മുടെ രാജ്യത്തിന്റെ സ്വത്തായി മാറട്ടെ. നമുക്കെത്തിപ്പിടിക്കാൻ പറ്റാത്തത് നമുക്കു മുമ്പിൽ തൊട്ടറിയാൻ സാധിക്കണം.

ലേഖനം

# സ്പോർട്സിലെ രാഷ്ട്രീയം

ഷെഫിൽ ടി.അബ്ദുള്ള (ബി.ബി.എ. ഒന്നാം വർഷം)

ഇന്ത്യൻ കായികരംഗം മുരടിപ്പിന്റെ പാതയിലാണ്. രാജ്യത്തിനാകമാനം അഭിമാനിക്കാൻ ഒട്ടേറെ മുഹൂർത്തങ്ങൾ സമ്മാനിക്കേണ്ട കായികരംഗം കിതച്ചുകൊണ്ട് അതിന്റെ വാർദ്ധക്യത്തിലെത്തി നിൽക്കുന്നു. ഓരോ രാജ്യാന്തര മത്സരങ്ങൾ നടക്കുമ്പോഴും മറ്റു രാജ്യങ്ങൾക്കുവേണ്ടി ഹർഷാരവം മുഴക്കേണ്ട ഗതികേടിലാണ് ഇന്ത്യൻ ജനത. എന്താണിതിന് കാരണമെന്നത് പരിശോധിക്കപ്പെടേണ്ട വസ്തുതയാണ്. സ്വാതന്ത്ര്യം നേടി അൻപതിലേറെ വർഷം പിന്നിട്ടിട്ടും നമ്മുടെ കായിക രംഗം ഉയിർത്തെഴുന്നേൽക്കാത്തതെന്തുകൊണ്ടാണ്?



ഓരോ ഭാരതീയനും അഭിമാനിക്കാവുന്ന ഏക ഗെയിം ഇന്ന് ക്രിക്കറ്റ് മാത്രമാണ്. ഇതിന്റെ വളർച്ചയ്ക്കു പിന്നിലുള്ള രഹസ്യം വിചിത്രമാണ്. ഒരു ദിവസം മുഴുവൻ നീണ്ടുനിൽക്കുന്ന ഈ 'വെയിൽ കായൽ' മത്സരം എന്നുമുതൽക്കാണ് ഇത്ര ജനകീയമായത്? സംശയമില്ല. 1983ൽ ഇന്ത്യ ലോകകപ്പ് സ്വന്തമാക്കിയതുമുതൽ. അന്നുതൊട്ട് ഇന്ത്യയിൽ ക്രിക്കറ്റ് വളരുകയായിരുന്നു. കപിൽദേവും സുനിൽ ഗവാസ്കറും സച്ചിനുമെല്ലാം തന്നെ നമ്മുടെ അഭിമാന താരങ്ങളാണ്. എന്നാൽ എന്തുകൊണ്ട് ക്രിക്കറ്റ് മാത്രം ഒരു മനുഷ്യന്റെ ഏറ്റവും വിലപ്പെട്ട ഒരു ദിവസം മുഴുവൻ കവർന്നെടുക്കുന്ന ഈ ഗെയിം എങ്ങനെ ഇത്ര ജനകീയമായി ഇന്ത്യയിൽ? സംശയം വേണ്ട ഇതിനുപിന്നിൽ പണക്കൊഴുപ്പിന്റെ, പരസ്യങ്ങളുടെ വഴിവിട്ട കളികൾ തന്നെയാണ്. ഇന്ത്യക്കാരുടെ അലസത മുതലെടുത്തുകൊണ്ട് പെപ്സിയും കോളയും സ്പോൺസർ ചെയ്യുന്ന ക്രിക്കറ്റ് കാണാൻ ഭൂരിപക്ഷം പേരും ടി.വി.ക്കു മുൻപിൽ ചടഞ്ഞിരിക്കും. ഓരോ ഓവറിനിടയിലും നാലും അഞ്ചും പരസ്യങ്ങൾ തിരുകിക്കയറ്റുന്ന ചാനലുകൾ ഇത്തരം പരസ്യങ്ങൾക്ക് എത്ര പണം മുടക്കാനും തയ്യാറാകുന്നു എന്നതാണ് സത്യം. പരസ്യങ്ങളിൽനിന്നും കളിക്കാരനും ടീമിനും ലഭിക്കുന്ന പണം വളരെ വലുതാണ്. സാമ്പത്തിക നേട്ടം മുൻനിർത്തിയുള്ള ഇത്തരം അധ്വാനങ്ങൾ ഇന്നു വളർന്നുവരുന്നു. സ്വന്തം മക്കളെ സ്കൂളിലയച്ച് പഠിപ്പിക്കുന്നതിനുപകരം ക്രിക്കറ്റ് അക്കാദമിയിൽ അയച്ച് ഭാവിയിൽ നന്നായി പണം സമ്പാദിക്കുന്ന ഒരു താരമാക്കാൻ ശ്രമിക്കുന്ന രക്ഷിതാക്കൾ ഇന്ത്യയിലുണ്ട്. കോളയുടെയും ടി.വിയുടെയും പിന്നാലെ മൗഢ്യന്മാരായ ഇന്ത്യക്കാർ തങ്ങളുടെ സമയം നഷ്ടപ്പെടുത്തുന്നത് നിർഭാഗ്യകരം തന്നെ. കുട്ടികൾ മുഴുവൻ സമയവും ഇത്തരം മത്സരങ്ങൾ കാണാൻ വേണ്ടി ടി.വി.യുടെ മുന്നിൽ ഇരിക്കുന്നത് അവരുടെ മാനസീക വളർച്ചയെ സ്വാധീനിക്കുന്നു. അമേരിക്കയിൽ ക്രിക്കറ്റിന് നിരോധനമുണ്ടെന്നറിയുമ്പോൾ ഇന്ത്യക്കാരന് അമ്പരപ്പ് മനസ്സിലാകും...

ക്രിക്കറ്റിനേക്കാളും മുൻപ് ഉടലെടുത്ത കളിയാണ് ഫുട്ബോൾ. ലോകത്ത് ഏറ്റവുമധികം ആരാധകരുള്ള കളി! ലോകത്ത് ഏറ്റവുമധികം പണവിനിമയം ചെയ്യപ്പെടുന്നത് ഫുട്ബോളിലാണ്! എന്നാൽ 1950കളിൽ ഇന്ത്യയിലെ ഫുട്ബോൾ രംഗത്തുണ്ടായിരുന്ന ഉണർവ്വും കരുത്തും ഇന്ന് ഇന്ത്യൻ ഫുട്ബോളിന് നഷ്ടമായതെന്തുകൊണ്ട്? ക്രിക്കറ്റിനെപ്പോലെ വളരാനുള്ള സാഹചര്യം ആരാണ് ഫുട്ബോളിന് നിഷേധിച്ചത്. ഒരിക്കൽ ഇന്ത്യ ലോക കപ്പ് ഫുട്ബോളിൽ പങ്കെടുക്കാൻ യോഗ്യത നേടിയിരുന്നു എന്നത് വിശ്വസിക്കുക പ്രയാസം! അവിടെ നിന്നും ഈ കൂപ്പുകുത്തൽ എങ്ങനെയുണ്ടായി? മറ്റൊന്നുമല്ല, ഫുട്ബോളിനെ സ്പോൺസർ ചെയ്യാൻ കോളയും പെപ്സിയും വന്നില്ല എന്നതുകൊണ്ടുതന്നെ. ക്രിക്കറ്റിനെപ്പോലെ പരസ്യം തിരുകിക്കയറ്റാനും പുതിയ ദ്രോണസൂക്തങ്ങൾ പരസ്യങ്ങളിലൂടെ പകർന്നുനൽകാനുമുള്ള അവസരം ഫുട്ബോളിനില്ലല്ലോ. അപ്പോൾ പിന്നെ ഫുട്ബോളിനെ എന്തിന് സ്പോൺസർ ചെയ്യണം. ഇന്ത്യയിൽ ഇന്ന് നിലനിൽക്കുന്ന ക്ലബ്ബ് ഫുട്ബോൾ മത്സരങ്ങൾപോലും സ്പോൺസർ ചെയ്യാൻ ആളില്ലാത്ത അവസ്ഥയാണ് കേരളത്തിലും ബംഗാളിലുമാണ് ഇന്ത്യയിൽ ഫുട്ബോൾ ആരാധകർ കൂടുതലുള്ളത്. എന്നാൽ ഇവിടുന്നുപോലും ലോകോത്തര നിലവാരത്തിലുള്ള താര

ങ്ങൾ വളർന്നുവരുന്നില്ലെന്നത് ഈ വിനോദം എത്രമാത്രം ക്ഷയിച്ചു എന്നതിനു തെളിവാണ്.

ഫുട്ബോൾ പോലെത്തന്നെ ക്ഷയിച്ചുകൊണ്ടിരിക്കുന്ന മറ്റൊന്നാണ് ഹോക്കി. ഇന്ത്യയുടെ ദേശീയ വിനോദമായിരുന്നിട്ടുപോലും അധികൃതരുടെ ശ്രദ്ധയില്ലായ്മയും ആഗോള മുതൽമുടക്ക് മാഫിയകൾ ഈ മത്സരത്തെ സ്പോൺസർ ചെയ്യാനില്ലാത്തതും ഹോക്കിയെ നിശ്ശേഷം തകർത്തു. 8 തവണ ഒളിമ്പിക്സ് ഹോക്കി ജേതാക്കളായ ഇന്ത്യയ്ക്ക് ഒളിമ്പിക്സ് പോയിട്ട് ഏഷ്യൻ ചാമ്പ്യന്മാരാകാൻപോലും പറ്റുന്നില്ലെന്ന അവസ്ഥയാണ്. മാത്രമല്ല, അധികാര വടംവലിയും അസ്വാരസ്യങ്ങളും പ്രശ്നങ്ങൾ കൂടുതൽ സങ്കീർണ്ണമാക്കിയിരിക്കുന്നു. ധ്യാൻ ചന്ദും മറ്റും പുകൾപ്പെറ്റ ഇന്ത്യയെ കൂടുതൽ നയിച്ചുവെങ്കിൽ കെ.പി.എസ്.ഗില്ലും മറ്റും ഇന്നിതിനെക്കൊണ്ട് രാഷ്ട്രീയപരമായ ഇടപെടൽ നടത്തുകയാണ്.

സ്പോർട്സിന്റെ വളർച്ചയ്ക്ക് സർക്കാരുകൾ വേണ്ടത്ര പരിഗണന നൽകുന്നില്ലെന്നതാണ് സത്യം. സ്പോർട്സ് കൗൺസിലുകളും മറ്റും സർക്കാർ ചെലവിൽ കായിക രംഗത്തെ കൂടുതൽ മുരടിപ്പിലേയ്ക്ക് നയിച്ചുകൊണ്ടിരിക്കുകയാണ്. ക്രിക്കറ്റ് രംഗത്ത് രാഷ്ട്രീയപരമായ ഇടപെടലുകൾ നാം കഴിഞ്ഞ കാലങ്ങളിൽ കണ്ടതാണ്. ഇന്ത്യയും പാക്കിസ്ഥാനും തമ്മിൽ ക്രിക്കറ്റ് കളിക്കാൻ പാടില്ലെന്ന ബാൽ താക്കറെയുടെ ആക്രോശം പലരും അംഗീകരിച്ചു. രാഷ്ട്രീയ രംഗത്തെ അകൽച്ച മാറ്റാനുള്ള ഉപാധിയാക്കേണ്ട ഇത്തരം വേദികൾ രാഷ്ട്രീയത്തിന്റെ അതിപ്രസരം മൂലം നശിക്കുന്നതാണ് നാം കാണുന്നത്. മറുവശത്ത് കെ.പി.എസ്. ഗില്ലും ധൻരാജ് പിള്ളയും തമ്മിലുള്ള വടംവലി ഇന്ത്യൻ ഹോക്കി രംഗത്തിന് അപമാനം സൃഷ്ടിച്ചു.

കായിക രംഗത്ത് ഇന്ത്യ മാതൃകയാക്കേണ്ടത് ചൈനയേയാണ്. കുട്ടികളെ വളരെ ചെറുപ്പത്തിലേ കണ്ടെത്തി അവരെ അന്താരാഷ്ട്ര നിലവാരമുള്ള കായിക താരങ്ങളാക്കാൻ ചൈനീസ് സർക്കാർ നിരന്തരം ശ്രമിച്ചുകൊണ്ടിരിക്കുന്നു. അതിനുള്ള പ്രതിഫലമെന്നോണം ഒളിംപിക്സിനങ്ങളിലെല്ലാം തന്നെ ചൈനീസ് താരങ്ങൾ മികച്ച പ്രകടനം കാഴ്ച വെയ്ക്കുകയും ചെയ്യുന്നു. ഇന്ത്യയിലെ സർക്കാരുകൾ ഇത്തരം ആർജ്ജവമുള്ള നിലപാടുകളെടുക്കണം. എങ്കിൽ മാത്രമെ വരുന്ന ഭാവിയിലെങ്കിലും നമുക്ക് നമ്മുടേതായ കായിക സംസ്കാരം ഉയർത്തിക്കൊണ്ടുവരാനാവൂ... ❖